## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2204

18 .07.2016-ൽ
മറുപടിയ്ക്ക്

## 'റവന്യു വകുപ്പിലെ പുരാതന രേഖകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി '

**ചോദ്യം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. കെ. സി. ജോസഫ്
ശ്രീ. അടൂർ പ്രകാശ്

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാനത്ത് റവന്യു വകുപ്പിലെ പുരാതന രേഖകൾ കേടുകൂടാതെ സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തതെന്ന് വിശദീകരിക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിശദീകരിക്കാമോ;<br><br>(സി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ കൈക്കൊണ്ട നടപടികളെന്തെല്ലാമെന്ന് വിശദീകരിക്കുമോ? | (എ) (ബി) & (സി)<br><br>റവന്യു വകുപ്പിലെ സുപ്രധാന രേഖകൾ ദീർഘകാലം സൂക്ഷിക്കാൻ കഴിയുന്ന വിധത്തിൽ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി ഡിജിറ്റൽ ആർക്കൈവ്സ് എന്ന പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. ചരിത്രമൂല്യവും പ്രാധാന്യമുള്ളവയുമായ റവന്യു രേഖകൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുക, ആയത് വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്കും, ഉദ്യോഗസ്ഥർക്കും ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇതിലേയ്ക്കായി സ്കാനർ, ഡിജിറ്റൽ ക്യാമറ, കമ്പ്യൂട്ടറുകൾ എന്നിവ സ്ഥാപിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

B4